പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

20.01.2014 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1373

## പാചക വാതക വിതരണത്തിലെ അപാകതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പാചക വാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പാചക വാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ജില്ലകളിൽ ഗ്യാസ് ഏജൻസി ഉടമസ്ഥർ, എണ്ണക്കമ്പനി പ്രതിനിധികൾ, ഉപഭോക്താക്കൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ മൂന്നു മാസം കൂടുമ്പോൾ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇതു കൂടാതെ താലൂക്ക് തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചും എൽ.പി.ജി കോ-ഓർഡിനേഷൻ കമ്മിറ്റികൾ മുഖേനയും പാചകവാതക വിതരണ രംഗത്തെ അപാകതകൾ പരിഹരിച്ചു നൽകുന്നുണ്ട്. കൂടാതെ തൊഴിൽതർക്കം മൂലം പാചകവാതക വിതരണം തടസ്സപ്പെടാതിരിക്കാൻ പാചക വാതക വിതരണ രംഗത്തെ എസ്മയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; |
| (ബി) | പാചക വാതക ഉപഭോക്താവിന്റെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഉപഭോക്താവിന്റെ പരാതികൾ ജില്ലാ സപ്ലൈ ആഫീസ് തലത്തിലും, താലൂക്ക് സപ്ലൈ ആഫീസ് തലത്തിലും, ഓൺ ലൈൻ മുഖേനയും, ഫോൺ മുഖേനയും, നേരിട്ടും സ്വീകരിക്കുകയും, ഗ്യാസ് ഏജൻസിയുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയുന്നവ അപ്പപ്പോൾതന്നെ |

പരിഹരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ ഗ്യാസ് ഏജൻസി തലത്തിൽ ഗ്യാസ് ഏജൻസി സ്ഥിതിചെയ്യുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ രൂപീകരിച്ചിട്ടുളള സോഷ്യൽ മോണിറ്ററിംഗ് സമിതികൾ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്നും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ഗ്യാസ് ഏജൻസി യുടമകൾ താലൂക്ക് സപ്ലൈ ആഫീസർമാർ, ഓയിൽ കമ്പനി സെയിൽസ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചു ചേർത്തും ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. വിശദമായ അന്വേഷണം വേണ്ടിവരുന്ന പരാതികളിൽ അപ്രകാരം അന്വേഷണം നടത്തി ഓയിൽ കമ്പനി തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണെങ്കിൽ ആയതിന് ശുപാർശ ചെയ്ത് നൽകാറുണ്ട്. എൽ.പി.ജി. ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിച്ചും, വിതരണം സുഗമമാക്കുന്നതിനും ഉപഭോക്താവിന്റെ പരാതികൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പാചക വാതക വിതരണവുമായി ബന്ധപ്പെട്ട് എസൻഷ്യൽ കമോഡിറ്റീസ് ആക്ട് പ്രകാരം ഏതെങ്കിലും ഏജൻസിക്ക് മേൽ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്; ഇടുക്കി ജില്ലയിലെ രണ്ടും തൃശൂർ ജില്ലയിലെ നാലും, മലപ്പുറം ജില്ലയിലെ ഏഴും, കോട്ടയം ജില്ലയിലെ മൂന്നും, കണ്ണൂർ ജില്ലയിലെ എട്ടും ആലപ്പുഴ ജില്ലയിലെ പതിമൂന്നും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഓരോ ഗ്യാസ് ഏജൻസിക്കെതിരെയും പാചകവാതക വിതരണവുമായി ബന്ധപ്പെട്ട് എസൻഷ്യൽ കമോഡിറ്റീസ് ആക്ട് അനുസരിച്ച് നടപടി സ്വീകരിച്ചുവരുകയാണ്.

സെക്ഷൻ ഓഫീസർ